പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2234

17.6.2014 ൽ
മറുപടിയ്ക്ക്

## ഐ.ടി പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ ;<br>ഡോ. എൻ. ജയരാജ് ;<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ ;<br>ശ്രീ. പി.സി. ജോർജ് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) ഐ.ടി. കയറ്റുമതിയിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്രത്തോളം വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട് ; വ്യക്തമാക്കുമോ ; | എ) ടെക്നോപാർക്കിൽ ഏകദേശം 1000 കോടി രൂപയുടെയും ഇൻഫോപാർക്കിൽ 300 കോടി രൂപയുടെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| ബി) നടപ്പു സാമ്പത്തിക വർഷം ഈ രംഗത്ത് എത്ര ശതമാനം വർദ്ധനവ് പ്രതീക്ഷിക്കുന്നു ; | ബി) ഐ.ടി. കയറ്റുമതി രംഗത്ത് ടെക്നോപാർക്കിൽ ഏകദേശം 15% ഉം ഇൻഫോപാർക്കിൽ ഏകദേശം 20% ഉം വർദ്ധനവ് പ്രതീക്ഷിക്കുന്നു. |
| സി) ഐ.ടി. കയറ്റുമതി രംഗത്ത് കേരളത്തിൽ പ്രമുഖ സ്ഥാനം വഹിക്കുന്ന ഐ.റ്റി. കമ്പനികൾ ഏതെല്ലാമാണ് ; | സി) ടെക്നോപാർക്കിലെ Infosys, Allianz Cornhill Information Services Pvt. Ltd., IBS, EY Technologies Pvt. Ltd., NeST, UST Global, RR Donnelley, TATA Elxsi, SunTec എന്നിവയും ഇൻഫോപാർക്കിലെ TCS, Cognizant, E &Y, Wipro, ACS Xerox, EXL, എന്നിവയുമാണ് ഐ.ടി. കയറ്റുമതി രംഗത്ത് പ്രമുഖ സ്ഥാനം വഹിക്കുന്ന കമ്പനികൾ. |
| ഡി) സംസ്ഥാനത്തെ ഐ.റ്റി. പാർക്കുകളുടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ കണക്കിലെടുത്താൽ പ്രസ്തുത കമ്പനികൾക്ക് കൂടുതൽ നിക്ഷേപം നടത്താനുള്ള സാഹചര്യമുണ്ടോ ; വ്യക്തമാക്കുമോ ; | ഡി) കൂടുതൽ കമ്പനികൾ വിപുലീകരിക്കുന്നതനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളും വിപുലീകരിക്കേണ്ടതുണ്ട്.<br><br>ടെക്നോപാർക്കിൽ നിലവിൽ പൂർത്തിയാക്കിയ അടിസ്ഥാന സൗകര്യങ്ങൾക്കു പുറമേ **SEZ, NonSEZ** മേഖലകളിലായി പുതിയ വികസന പദ്ധതികളായ **Phase I, Phase II, Phase III, Technocity, Technopark Kollam** എന്നിവയിൽ കൂടി അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി കൂടുതൽ ഐ.ടി. കമ്പനികൾക്ക് **SEZ** ലും **Non SEZ** ലും അവരുടെ ഐ.ടി. സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നുണ്ട്. ഐ.ടി. കയറ്റുമതി രംഗത്ത് പ്രമുഖ സ്ഥാനം വഹിക്കുന്ന ടെക്നോപാർക്കിലെ **TCS, IBS** എന്നീ |

കമ്പനികൾ ടെക്നോപാർക്ക് **Phase I Campus; Infosys, UST Global** എന്നീ കമ്പനികൾ ടെക്നോപാർക്ക് **Phase II Campus; TCS, Infosys, SunTec** എന്നീ കമ്പനികൾ **Technocity** പദ്ധതി എന്നിവിടങ്ങളിൽ വിവിധ ഐ.ടി. സംരംഭങ്ങൾക്കായി കൂടുതൽ ഭൂമി എടുത്തിട്ടുണ്ട്.

ഇൻഫോപാർക്ക് കൊച്ചി ക്യാംപസിൽ പൂർത്തിയായിട്ടുള്ള **Building Infrastructure 90%** ഉം **occupied** ആണ്. ചേർത്തല ഐ.ടി പാർക്കിൽ മാത്രമാണ് ഇപ്പോൾ സ്ഥലം ലഭ്യമായിട്ടുള്ളത്. പണി വേഗത്തിൽ നടക്കുന്ന ഇൻഫോപാർക്ക് **Phase II** ക്യാംപസും, കൊരട്ടിയിൽ പണി പുരോഗമിക്കുന്ന **3.3** ലക്ഷം ചതുരശ്ര അടി ഐ.ടി. സമുച്ചയവും പൂർത്തിയാകുന്നതോടെ കൂടുതൽ സ്ഥലസൗകര്യം ലഭ്യമാകും.

| | | | |
|---|---|---|---|
| ഇ) | ഈ മേഖലയിലുള്ള കൂടുതൽ നിക്ഷേപ സാധ്യതകൾ കണക്കിലെടുത്ത് ഐ.റ്റി. പാർക്കുകളുടെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | ഇ) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ